# കേരള സർവകലാശാല

നം. പി.ആർ.252/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം - 2017
## എസ്.സി/എസ്.ടി. മേഖലാതലത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ്
## നവംബർ 22-നും 23-നും.

2017-18-ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ നവംബർ 22-നും കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിൽ നവംബർ 23-നും ഹാജരാകേണ്ടതാണ്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും അതത് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. പ്രിന്റൗട്ട് കൈവശമില്ലാതെ വരുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. രജിസ്ട്രേഷൻ ഇല്ലാത്തവരേയും ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരെയും യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (340/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 340/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

## എം.എസ്‌സി, എം.പി.എ, എം.എം.സി.ജെ ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി മൈക്രോബയോളജി, എം.പി.എ, എം.എം.സി.ജെ എന്നീ പി.ജി കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.എം.സി.ജെ വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എം.സി.ജെ പരീക്ഷയുടെ വൈവ നവംബർ 24 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിലും കോളേജിലും ലഭിക്കും.

## ബി.എ/ബി.എസ്‌സി/ബി.കോം ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ ഒന്നിന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്, ബി.എ/ബി.എസ്‌സി/ബി.കോം (2013 അഡ്മിഷൻ മുതൽ) പരീക്ഷയുടെ ടൈംടേബിൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ ആറിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ/ഐ.ഡി) (2016–18 ബാച്ച്) ദ്വിവത്സര പ്രോഗ്രാം 2015 സ്കീം – റഗുലർ, ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.ബി.ബി.എസ് പരീക്ഷ മാറ്റി

കേരള സർവകലാശാല നവംബർ 22 മുതൽ ആരംഭിക്കുവാനിരുന്ന മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് രണ്ട് പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## ബി.എസ്‌സി ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ സി.ബി.സി.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്‌സി (2013–ന് മുമ്പുള്ള അഡ്മിഷൻ വിദ്യാർത്ഥികളുടെയും മേഴ്സിചാൻസ് വിദ്യാർത്ഥികളുടെയും) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിന് ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ എട്ട്.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 27 (50 രൂപ പിഴയോടെ നവംബർ 29, 125 രൂപ പിഴയോടെ ഡിസംബർ ഒന്ന്) വരെ ഫീസടച്ച് അപേക്ഷിക്കാം. ട്രാൻസിറ്ററി / മേഴ്സിചാൻസ് ആയി പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

**കേരള സർവകലാശാല ഡിസംബറിൽ നടത്തുന്ന എഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) റഗുലർ / സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.**

തിരുവനന്തപുരം.
20.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**